## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1050** **12.07.2016 ൽ മറുപടിയ്ക്ക്**

### കാർഷിക ഉൽപ്പന്നങ്ങൾക്ക് ആദായ വില ഉറപ്പാക്കാൻ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. കൃഷ്ണൻകുട്ടി<br>ശ്രീ. സി. കെ. നാണു<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) റബ്ബർ ഉൾപ്പടെ എല്ലാ കാർഷിക ഉൽപ്പന്നങ്ങൾക്കും ആദായകരമായ വില ഉറപ്പാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (എ) കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പ് വരുത്തുന്നതിനായി കൃഷിവകുപ്പ് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. നെല്ലിന് ന്യായമായ വില ഉറപ്പാക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ല് സംഭരണവും, നാളികേരത്തിന് ന്യായമായ വില ലഭിക്കുന്നതിന് കേരഫെഡിന്റെ സഹായത്തോടെ കൃഷിഭവനുകളിലൂടെ പച്ചത്തേങ്ങ സംഭരണവും റബർ വിലയിടിവ് നേരിടുന്നതിനായി റബർ ഇൻസെന്റീവ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. നെല്ല് സംഭരിക്കുന്നതിനായി 365 കോടിയും റബ്ബർ വിലസ്ഥിരതയ്ക്കുവേണ്ടി 500 കോടിയും, പച്ചത്തേങ്ങ സംഭരണത്തിനായി 100 കോടി രൂപയും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. റബ്ബർ ഉൾപ്പെടെയുള്ള നാണ്യവിളകളുടെ വില തകർച്ച നേരിടാൻ Special package കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ നടപ്പാക്കും. |

**സെക്ഷൻ ഓഫീസർ**